ഉത്തരം

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ചാലക്കുടി മണ്ഡലത്തിലെ വടക്കേച്ചാൽ കുളത്തിനുപകരം കാട്ടുകുറ്റി പഞ്ചായത്തിലെ പതിയംകുളം കെട്ടി സംരക്ഷിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ചാത്തമംഗലം പഞ്ചായത്തിലെ കോഴിമണ്ണ പറമ്പ പ്രദേശത്തെ മണ്ണിടിച്ചിൽ

163 (4449) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം പഞ്ചായത്തിൽ ചെറുപുഴയുടെ ഇടതുകരയിൽ കോഴിമണ്ണ പറമ്പ പ്രദേശം മണ്ണിടിച്ചിൽ കാരണം തകർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്തെ മണ്ണിടിച്ചിൽമൂലം, മാനസിക വൈകല്യമുള്ള രണ്ട് സ്ത്രീകൾ താമസിക്കുന്ന വീട് തകർച്ചയുടെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ കെട്ടി സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് 26 ലക്ഷം രൂപയുള്ള പുഴയോര സംരക്ഷണ പദ്ധതിക്ക് ആർ.എം.എഫ്.-ൽ ഉൾപ്പെടുത്തി 22-8-2014-ൽ നടന്ന ജില്ലാ വിദഗ്ധ സമിതി അംഗീകാരം നൽകിയിട്ടുണ്ട്.

പാമ്പാറിന് കുറുകെ അണക്കെട്ട്

164 (4450) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാറിന് കുറുകെ നിർമ്മിക്കുന്ന പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തമിഴ്നാട് ഈ അണക്കെട്ട് നിർമ്മാണത്തിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ;എങ്കിൽ അതിന് ആധാരമായി ഉയർത്തിയിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ നിലപാട് അറിയിക്കാമോ;

(സി) ഈ പ്രതിഷേധത്തിന്റെയും മുല്ലപ്പെരിയാർ പ്രശ്നത്തിന്റെയും പശ്ചാത്തലത്തിൽ കാലാവധി കഴിഞ്ഞ പറമ്പിക്കുളം ആളിയാർ കരാർ പുനഃപരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാമ്പാർ നദിക്ക് കുറുകെ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ പാമ്പാറിന്റെ പോഷകനദിയായ ചെങ്കുളാറിൽ നിർമ്മിക്കുന്ന പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 3-11-2014-ൽ നടന്നു.

(ബി) തമിഴ്നാട് ഈ അണക്കെട്ട് നിർമ്മാണത്തിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ D.O. Lr. No.15719/cspl/12 dated 8-11-2014 കത്ത് മുഖാന്തിരം പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമ്മാണത്തെ എതിർത്തുകൊണ്ട് ഒരു കത്ത് നൽകിയിട്ടുണ്ട്.

കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധി പ്രകാരം പാമ്പാർ ബേസിനിൽ നിന്നും 3 ടി.എം.സി. ജലം ഉപയോഗപ്പെടുത്തുവാൻ കേരളത്തിന് അനുവാദം ലഭിച്ചിട്ടുണ്ട്. പട്ടിശ്ശേരി അണക്കെട്ട് നിർമ്മിക്കുന്നതുമൂലം 0.075 ടി.എം.സി. ജലം മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ.

ടി പദ്ധതിമൂലം ഉപയോഗപ്പെടുത്തുന്ന ജലം കേരളത്തിനനുവദിച്ചിട്ടുള്ള ജലത്തിന്റെ പരിധിക്കുള്ളിലുമാണ്. CWDT-യുടെ വിധിയിലെ ഒമ്പതാം അധ്യായത്തിലെ 18-ാമത്തെ നിബന്ധനപ്രകാരം (Clause XVIII) ടി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് തടസ്സങ്ങൾ ഒന്നുമില്ല.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ കാലാവധി പ്രസ്തുത കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിൽ ഒരിക്കൽ കരാർ പുനരവലോകനം ചെയ്യുവാൻ കരാറിൽ വ്യവസ്ഥയുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിന് ഇരു സംസ്ഥാനങ്ങളും തമ്മിൽ നിരവധി ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും സംയുക്ത ഗേജിംഗിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ പരസ്പരധാരണയിലെത്താൻ കഴിയാത്തതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. തുടർ ചർച്ചകൾ ഇക്കാര്യത്തിൽ ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly